## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4633** — **29-10-2021 - ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ ജലജീവൻ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തുകളിൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുവദിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വകയിരുത്തിയ തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തുകളിൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി യഥാക്രമം 3136.80 ലക്ഷം, 1861.80 ലക്ഷം, 2842.20 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായുള്ള സർക്കാർ വിഹിതം, ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം, ഗുണഭോക്തൃ വിഹിതം, നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം പദ്ധതി ചെലവിന്റെ 50% കേന്ദ്ര വിഹിതവും 25% സംസ്ഥാന സർക്കാർ വിഹിതവും, 15% ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമായാണ് നിശ്ചയിച്ചിട്ടുള്ളത്. ജല ജീവൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പദ്ധതിക്കായി വിഹിതം നിശ്ചയിച്ചിട്ടില്ല. എന്നാൽ ജല ജീവൻ മിഷൻ പദ്ധതിനടപ്പിലാക്കാനായി പഞ്ചായത്ത്വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയനുസരിച്ച് എത്ര കുടിവെള്ള കണക്ഷനുകളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | വടകരപതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിൽ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകളുടെയും, നൽകിയ കണക്ഷനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 31.03.2022 ഓടെ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ഈ പദ്ധതി മുഖേന നിലവിൽ എത്ര കണക്ഷൻ നൽകിയെന്നും ലക്ഷ്യമിട്ട മുഴുവൻ കണക്ഷനുകളും എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | വടകരപതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിൽ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള |

| | | | |
|---|---|---|---|
| | | | കണക്ഷനുകളുടെയും, നൽകിയ കണക്ഷനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 31.03.2022 ഓടെ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| പഞ്ചായത്ത് | ഭരണാനുമതി നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക ലക്ഷത്തിൽ | ഇതു വരെ (20/10/2021 വരെ) നൽകിയ കണക്ഷനുകൾ |
|---|---|---|---|
| വടകരപതി | 8748 | 3136.80 | 1490 |
| എരുത്തേമ്പതി | 7610 | 1861.80 | 2711 |
| കൊഴിഞ്ഞാമ്പാറ | 11415 | 2842.20 | 2747 |

സെക്ഷൻ ഓഫീസർ